# 14

# ആത്മാവിൽ മനസ് പുതുക്കൽ

## (4:17- 32)

എഫെസ്യർ വിളിച്ച വിളിക്കു യോഗ്യമായി നടന്നിരുന്നുവെങ്കിൽ (4:1, 2), അവർ ഐകമത്യത്തിൽ ആയിരിക്കേണ്ടതായിരുന്നു (4:3–6, 13–16). കൂടാതെ, ഓരോ ക്രിസ്ത്യാനിയും മനസ് പുതുക്കുകയും വേണമായിരുന്നു. ശരിയായ ദിശയിൽ നടക്കേണ്ടത് എങ്ങനെയെന്ന് 4:17–32-ൽ പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നു.

### "ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് തിരിയുക" (4:17-19)

**17ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നത് എന്തെന്നാൽ, ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. 18അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, 19ദൈവത്തിന്റെ ജീവനിൽനിന്നു അകന്നു മനംതഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിന്നു തങ്ങളെത്തന്നെ ഏൽപിച്ചിരിക്കുന്നു.**

**വാക്യം 17.** താൻ നൽകുവാൻ പോകുന്ന കൽപനയുടെ ആധികാരികതയും, അത്യാവശ്യവും, പ്രാധാന്യവും ഊന്നി പറഞ്ഞുകൊണ്ടാണ് പൗലൊസ് തുടങ്ങിയത്. **ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നത്** എന്ന പ്രസ്താവന നമ്മെ 4:1 ആണ് ഓർമ്മിപ്പിക്കുന്നത്, അവിടെ യോഗ്യമായ നടപ്പിനെ കുറിച്ചാണ് സംസാരിക്കുന്നത്, പൗലൊസ് ദൈവത്തിനു വേണ്ടി പ്രബോധിപ്പിക്കുന്നു എന്നാണ് അത് വ്യക്തമാക്കുന്നത്. തന്റെ ചിന്തകളല്ല താൻ പഠിപ്പിക്കുന്നത് എന്നായിരുന്നു അവൻ അർത്ഥമാക്കിയത്; ആത്മാവിനാൽ ദൈവമാണ് ഈ ഉപദേശം തനിക്ക് നൽകിയത് (1 കൊ. 2:10). "സാക്ഷീകരിക്കുക" (*മാർടുറോമായി*) എന്നതിൽ സാക്ഷ്യത്തെ ചുരുക്കി പറയൽ അടങ്ങിയിരിക്കുന്നു; കർത്താവിന്റെ നാമം വിളിച്ചുകൊണ്ടാണ് പൗലൊസ് ആ നിർദ്ദേശങ്ങൾ നൽകിയത്. "മാനുഷജ്ഞാനം ഉപദേശിക്കുന്ന വാക്കുകളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചു" എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊ. 2:13). ആത്മിയരായ ആളുകൾ തന്റെ എഴുത്തുകളെ "കർത്താവിന്റെ കൽപനയായി" കാണും എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. ഫലത്തിൽ, പൗലൊസ് പറഞ്ഞു, "ഞാൻ പറയുവാൻ പോകുന്നത് ശ്രദ്ധിച്ചു കേൾക്കുക, കാരണം അത് കർത്താവിന്റെ കൽപനയാണ്" (1 കൊ. 14:37 നോക്കുക).

പൗലൊസ് ഈ കൽപന എഫെസ്യർക്കാണ് നൽകിയത്: നിങ്ങൾ ഇനി **ജാതികൾ നടന്നതുപോലെ നടക്കരുത്.** "നടക്കുക" (*പെരിപാറ്റെയോ*) എന്ന

അതേ ക്രിയയാണ് 2:2 ലും 4:1 ലും ഉപയോഗിച്ചിരിക്കുന്നത്. "ജാതികൾ" എന്നു പറയുന്നത് എഫെസ്യ ക്രിസ്ത്യാനികളിൽനിന്നു വ്യത്യസ്തമായി ജീവിച്ചവർ, അല്ലെങ്കിൽ അഭക്തരായി ജീവിച്ചവരെ ഉദ്ദേശിച്ചാണ്. ക്രിസ്തുവിൽ വിശ്വാസികളായി തീർന്നവർ വിളിച്ച വിളിക്ക് യോഗ്യമായി ജീവിക്കണമെങ്കിൽ, അവർ സമൂഹത്തിന്റെ ജീവിതശൈലിയിൽനിന്നു തികച്ചും വ്യത്യസ്തമായി ജീവിക്കണം. ജാതികൾ ക്രിസ്തുവിലേക്ക് പ്രവേശിച്ചപ്പോൾ, അവരുടെ ജീവിത ശൈലി മാറ്റേണ്ടിയിരുന്നു (ജാതികളുടെ മുമ്പിലത്തെ നടപ്പും പരിവർത്തനശേഷം അവരിൽനിന്നു പ്രതീക്ഷിച്ചതും തമ്മിലുള്ള അന്തരം അദ്ധ്യായം 2-ൽ വ്യക്തമാക്കിയിരിക്കുന്നു). യെഹൂദന്മാരിൽനിന്നു ക്രിസ്ത്യാനികളായവരും ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരും, യോഗ്യമായ നടപ്പ് പരിശീലിക്കുവാൻ പൗലൊസ് നൽകിയതുപോലെയുള്ള പ്രബോധനം തുടർച്ചയായി സ്വീകരിക്കണം. എഫെസൊസിൽ മൂന്നു തരത്തിലുള്ള ആളുകളായിരുന്നു ഉണ്ടായിരുന്നത്: അ-ക്രൈസ്തവരായ യെഹൂദന്മാരും, പരിവർത്തനം ചെയ്യാതിരുന്ന ജാതികളും, ക്രൂശ് മുഖാന്തരം "ദൈവത്തോട് നിരന്ന" ക്രിസ്തുവിന്റെ "ഏക ശരീരത്തിലായ" "ഒരേ പുതു മനുഷ്യൻ" ആയ ക്രിസ്ത്യാനികളും (2:15, 16). "യെഹൂദന്മാരും," "യവനന്മാരും," "ദൈവത്തിന്റെ സഭയും" എന്ന് പൗലൊസ് 1 കൊരിന്ത്യർ 10:32-ൽ പറഞ്ഞപ്പോൾ, പൗലൊസ് ആ മൂന്നുകൂട്ടരേയും ഉൾപ്പെടുത്തിയിരിക്കുന്നു.

[ജാതികളുടെ] **വ്യർത്ഥ മനസ്** എന്നതിൽ മൂന്നു ആശയങ്ങൾ അടങ്ങിയിരിക്കുന്നു. (1) തന്റെ വായനക്കാരുടെ മുമ്പിലത്തെ നടപ്പും ക്രിസ്തുവിലുള്ള അവരുടെ പുതിയ ജീവിതവും തമ്മിലുള്ള വ്യത്യാസം പൗലൊസ് തീർപ്പാക്കി കൊടുക്കുകയായിരുന്നു. ജാതികളുടെ ജീവിതത്തിൽ അനുമോദിക്കത്തക്കവണ്ണം ഒന്നുമില്ല എന്നാണോ പൗലൊസ് പറഞ്ഞത്? അല്ലാ, എന്നാൽ ക്രിസ്തുവിന്റെ പുറത്തുള്ളവരുടെ ഇരുണ്ട ജീവിതമായിരുന്നു അവൻ ചിത്രീകരിച്ചത്. (2) അവർ ക്രിസ്തുവിൽ കണ്ടെത്തിയ പുതിയ വഴിയിൽ നടക്കുവാനായിരുന്നു പൗലൊസ് ആ ക്രിസ്ത്യാനികളോട് നിർദ്ദേശിച്ചത്. അവരുടെ സമൂഹത്തിൽ ഫലപ്രദമായി തീരുവാനായി അന്തരം കാണിക്കുന്നത് "അന്നും," "ഇന്നും" തമ്മിലുള്ള വ്യത്യാസത്തെ എടുത്തുകാണിച്ചുകൊണ്ടാണ്. (3) ഒരു വ്യക്തി ആദ്യം ചിന്തിക്കുകയും പിന്നെ പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ, അപ്പൊസ്തലൻ ആദ്യം ചിന്തയിൽ തുടങ്ങിയിട്ട് പിന്നെയാണ് പ്രവൃത്തിയിലേക്ക് തിരിയുന്നത്.

"വ്യർത്ഥം" (*മാറ്റായിയോടെസ്*) എന്നു പറയുന്നത്, അർത്ഥശൂന്യമായ, അല്ലെങ്കിൽ ലക്ഷ്യമില്ലാത്ത എന്നാണ് അർത്ഥമാക്കുന്നത്. അവരുടെ "വ്യർത്ഥ ബുദ്ധി" യിൽ മൗഢ്യ ചിന്തയും തലതിരിഞ്ഞ മനസും ഉൾപ്പെടുന്നു (റോമർ 1:21, 28). ജാതികൾക്ക് അത്തരം ചിന്തയാണ് നൽകിയിരിക്കുന്നത്. "അതിന്റെ കാരണം, അവർക്ക് ദൈവത്തോട് ശരിയായ ബന്ധമില്ല. നാശകരമായ കുറ്റത്തെയാണ് ജാതികൾ ചിന്തിക്കുന്നത്, അവർ ഭോഷത്വത്തിനിരയായതുകൊണ്ട്, യഥാർത്ഥത്തിലുള്ള ഗ്രാഹ്യശക്തി നഷ്ടപ്പെടുത്തിയിരിക്കുകയാണ്."[1]

**വാക്യം 18.** ജാതികളുടെ മാനസികാവസ്ഥയെ കുറിച്ചുള്ള പൗലൊസിന്റെ വിവരണം തുടരുന്നു. "അവരുടെ വ്യർത്ഥ ബുദ്ധി" എന്നതിന്റെ വ്യാഖ്യാനമാണ് **അന്ധബുദ്ധികളായിരിക്കുന്നു** എന്നത്. ദൈവം അവർക്ക് നൽകിയ വെളിച്ചം അവർ നഷ്ടമാക്കി. അവിശ്വാസിയായ ജാതിയും ക്രിസ്ത്യാനിയും

തമ്മിലുള്ള അന്തരം തീർച്ചയായിരുന്നു: ദൈവത്തിന്റെ സത്യത്തോട് പ്രതികരിച്ചവരായിരുന്നു വിശ്വാസികൾ, അതിനാൽ “കണ്ണുകളും,” അവരുടെ “ഹൃദയദൃഷ്ടി ... പ്രകാശിച്ചു” ജാതികളുടെ കണ്ണുകൾ മനസിലാക്കുവാൻ കഴിയാത്ത വിധത്തിൽ ഇരുണ്ടുപോയിരുന്നതിനാൽ, അവർ സത്യത്തിന്റേയും വെളിച്ചത്തിന്റേയും ഉറവിടമായ, **ദൈവത്തിന്റെ ജീവനിൽനിന്നും അകുന്നു പോയിരുന്നു**. അവർ ദൈവത്തിൽനിന്നകന്നു ജീവിക്കുന്നതുകൊണ്ട്, അവർക്ക് ആത്മിയ ജീവൻ ഇല്ല. അവർ “അതിക്രമങ്ങളാലും പാപങ്ങളാലും ... മരിച്ചവരായി” (2:1), കാരണം പാപത്തിന്റെ ശമ്പളം മരണമത്രെ (റോമ. 6:23). അവർ ജീവനെ ത്യജിച്ചതാണ് വെളിച്ചത്തെ ത്യജിച്ചു എന്നു പറയുന്നത്.

**അവരുടെ അജ്ഞത നിമിത്തമായിരുന്നു** ജാതികൾ ദൈവത്തിന്റെ ജീവനിൽനിന്നും അകന്നുപോയത്. അവരുടെ അറിവില്ലായ്മ മനപ്പൂർവ്വമായിരുന്നു, അവർക്ക് ദൈവം നൽകിയ വെളിച്ചത്തെ അവർ തള്ളിക്കളഞ്ഞിരുന്നു (റോമർ 1:18–23). അവരുടെ **ഹൃദയകാഠിന്യം നിമിത്തമായിരുന്നു** ജാതികൾ അജ്ഞരായിരുന്നത്. അവർ ദൈവം നൽകിയ വെളിച്ചത്തെയും സത്യത്തെയും ത്യജിക്കത്തക്കവണ്ണം മനപ്പൂർവ്വമായി ദൈവത്തെ അറിയാതിരുന്നതാണ്. “കാഠിന്യം” തർജിമ ചെയ്തിരിക്കുന്നത് (*പൊരോസിസ്*) ആണ്, പുതിയനിയമത്തിൽ ആലങ്കാരികമായി പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, “കഠോര ഹൃദയം, അന്ധത.”[2] വാക്യം 18 ലും, പുതിയനിയമത്തിലെ മറ്റു സന്ദർഭങ്ങളിലും (മർ. 3:5; റോമർ 11:25), ഉപയോഗിച്ചിരിക്കുന്നത് “മാനസികവും ധാർമ്മികവുമായ കാഠിന്യത്തിനാണ്.”[3] “ഹൃദയം” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*കാർഡിയ*), അർത്ഥം, “ഭൗതികവും, ആത്മികവും മാനസികവുമായവയുടെ ഇരിപ്പിടം”[4] ഒരാൾ മനപ്പൂർവ്വമായി തന്റെ ഹൃദയത്തെ കഠിനമാക്കിയാൽ, അയാൾക്ക് ദൈവത്തെ മനസിലാക്കുവാൻ കഴിയാതെ, അജ്ഞതയിലും, ആത്മിയമായ ഇരുട്ടിലും ആയിരിക്കും.

**വാക്യം 19**. റോമർ 1–ൽ പറഞ്ഞിരിക്കുന്നവരെപോലെ, ഇവിടെ വിവരിച്ചവരും ദൈവം അയച്ച വെളിച്ചത്തെ തള്ളിക്കളഞ്ഞിരുന്നു; അവരുടെ ഹൃദയം കഠിനപ്പെട്ടതിനാൽ അവർ കൂടുതൽ ദുഷ്ടരായി തീർന്നു. **അവർ** മുൻപ് പറഞ്ഞ ആളുകളോട് തുല്യരായതിനാൽ, തങ്ങളുടെ ഹൃദയകാഠിന്യത്തിന്റെ അനന്തരഫലം അനുഭവിക്കുവാനിടയാകും. ഹൃദയ കാഠിന്യം എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *അപാൽജെകോറ്റെസ്* ആണ്, അർത്ഥം, “വേദന തോന്നുന്നത് നിർത്തുക ... ഉദാസീനനാകുക.”[5] തങ്ങളുടെ മനസാക്ഷിയിൽ ചുട് തട്ടിയാൽ പോലും അറിയാത്ത വിധത്തിൽ ആ ജാതികൾ **തങ്ങളെത്തന്നെ ഏൽപിച്ചു കൊടുത്തു** (*പാരെഡോകൻ*). അതായത്, പാപസംബന്ധമായ ജീവിതശൈലിയിലേക്ക് തങ്ങളെത്തന്നെ അവർ കീഴ്പ്പെടുത്തി എന്നർത്ഥം. വേദഭാഗം പറയുന്നത്, അവർ **സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിന്നു തങ്ങളെത്തന്നെ ഏൽപിച്ചു കൊടുത്തു** എന്നാണ്. അത് ജാതികളോട് ചെയ്തതായിരുന്നില്ല, മറിച്ച് അവർ അതു തിരഞ്ഞെടുത്തതായിരുന്നു.

ജാതികൾ തിരഞ്ഞെടുത്തത് മൂന്നു വാക്കുകളാൽ വിവരിച്ചിരുന്നു: “അത്യാഗ്രഹം,” (*പ്ലെയോനെക്സിയ*), കടിഞ്ഞാണിടാത്ത അത്യാഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്; “അശുദ്ധി,” (*അകതർസിയ*), എന്ന വാക്കിൽ “ധാർമ്മികവും വിസ്തൃതവുമായ അശുദ്ധിയാണ്” ഉദ്ദേശിക്കുന്നത്. “ദുഷ്ക്കാമം” (*അസൽജെയിയാ*), അർത്ഥം “അമിതമായ കാമാസക്തി എന്നാണ്.”[6] ജാതികൾ അവ തിരഞ്ഞെടുത്തതുകൊണ്ട്, ദൈവം അവരെ അവരുടെ ഭക്തിവരുദ്ധ ജീവിതത്തിനാ

യി ഏൽപിച്ചുകൊടുത്തു (റോമർ 1:24, 26, 28).

## "പഴയ മനുഷ്യനിൽനിന്ന് പുതിയ മനുഷ്യനിലേക്കു തിരിയുക" (4:20-24)

### ''പഴയ മനുഷ്യനെ വിട്ടുകളയുക" (4:20–22)

**[20]നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെ കുറിച്ചു കേട്ടു [21]അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെ കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്. [22]മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിക്കുക.**

**വാക്യം 20.** അവരുടെ പഴയ മനുഷ്യനും പുതിയ മനുഷ്യനും തമ്മിലുള്ള വ്യത്യാസത്തെയാണ് പൗലൊസ് പറഞ്ഞുതുടങ്ങിയത്. **എന്നാൽ ക്രിസ്തുവിനെ കുറിച്ച് നിങ്ങൾ ഇങ്ങനെയല്ല പഠിച്ചത്.** എൻഎൽടി പറയുന്നത് "നിങ്ങൾ ക്രിസ്തുവിനെ കുറിച്ച് പഠിച്ചപ്പോൾ അങ്ങനെയല്ല പഠിപ്പിച്ചത്" എന്നാണ്.

പൗലൊസ് ഈ ഭാഗം 4:17-ൽ പറഞ്ഞു തുടങ്ങുന്നത്, "ഇനി *നിങ്ങൾ അങ്ങനെ നടക്കരുത്"* (എംഫസിസ് ആഡഡ്) എന്നാണ്. "ഇല്ല" എന്നത് അക്ഷരികമായി പറയുന്നത് "അല്ല" എന്നാണ്. "ജാതികൾ" എന്നതിന്റെ വ്യത്യാസം പൗലൊസ് കാണിക്കുന്നത് "നിങ്ങൾ എന്നു പറഞ്ഞാണ്" (4:17). "പഠിക്കുക" എന്ന ക്രിയ ഉപയോഗിച്ചിരിക്കുന്നത് അയോറിസ്റ്റ് ടെൻസിലാണ്, സംശയരഹിതമായി പറയുന്നത് എഫെസ്യരുടെ പരിവർത്തനത്തെയാണ്. "ക്രിസ്തുവിനെ പഠിക്കുക" എന്നാൽ "ക്രിസ്തുവിനെ തന്നെ പഠിക്കുക" എന്നാണ് അർത്ഥം. ഫിലിപ്പിയർ 3:10-ൽ "അവനെ [ക്രിസ്തുവിനെ]" അറിയുവാനുള്ള താൽപര്യം പൗലൊസ് പ്രകടിപ്പിച്ചിരിക്കുന്നു. കൊലൊ. 2:6-ൽ, "കർത്താവായ യേശുക്രിസ്തുവിനെ കൈക്കൊണ്ടവർ" എന്നാണ് പറഞ്ഞിരിക്കുന്നത്. വളരെ കാര്യങ്ങൾ ആ വേദഭാഗത്ത് അടങ്ങിയിട്ടുണ്ട്-എഫെസ്യർ 4:17–32 അടക്കം ക്രിസ്തുവിനെയോ അല്ലെങ്കിൽ അവന്റെ ഉപദേശം വെറുതെ അറിയുന്നതിനപ്പുറം അടങ്ങിയിരിക്കുന്നു. ആ ഭാഗങ്ങളിലെ വ്യക്തിപരമായ പരാമർശ വിഷയം ക്രിസ്തു ആണ്; അവനെയാണ് പ്രസംഗിച്ചത്, കൈക്കൊണ്ടത് അവനെയാണ്, അറിയപ്പെടുന്നത് അവനാണ്, എഫെസ്യർ പഠിച്ചതും അവനെയാണ്.

**വാക്യം 21.** പൗലൊസ് തന്റെ പ്രബോധനം വിശദമാക്കി: **യേശുവിൽ സത്യം ഉള്ളതുപോലെ, അവനെ കുറിച്ചു കേട്ടു അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ.** "ലഭിച്ചെങ്കിൽ" എന്ന് തർജിമ ചെയ്തിരിക്കുന്നത് ഗ്രീക്കിലെ രണ്ട് പാർട്ടിസിപ്പിളാണ്, (*എയി*, "എങ്കിൽ") എന്നും (*ജേ* "തീർച്ചയായും, അത് കണ്ട്"). അത് രണ്ടും ഒന്നുചേർന്നിരിക്കുകയാണ്, "ശരിയായി അനുമാനിച്ച് വിശ്വസിച്ച കാര്യം."[7] തനിക്ക് പറയുവാനുള്ളത് പൗലൊസ് സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ആയിരുന്നില്ല, പിന്നെയോ ആത്മവിശ്വാസത്താൽ ശരിയായ നിഗമനത്തിലായിരുന്നു.

"നിങ്ങൾ അവനെ കേട്ടു" എന്നു പൗലൊസ് പഞ്ഞത്, എഫെസ്യർ ആദ്യം സുവിശേഷം കേട്ടത് സംബന്ധിച്ചായിരുന്നു (1:13 നോക്കുക). അപ്പൊസ്തലനായ പൗലൊസിനാൽ അവർ സത്യവചനം പ്രസംഗിക്കുന്നത് "കേട്ടിരുന്നു." (കൊലൊ. 1:5; പ്രവൃ. 19:1–10).

> ക്രിസ്തുവിനെ കേൾക്കുക എന്നതിനെ കുറിച്ച്, ഗ്രീക്ക് വേദപുസ്തകത്തിൽ സർവ്വനാമമായ ക്രിസ്തുവിനെ കർമ്മവിഭക്തിയിൽ ... "കേൾക്കുക" എന്നാണ് ഉപയോഗിച്ചിരിക്കുന്നത് ... ആ വാക്കോടുകൂടി, ആരുടെ വാക്ക് കേൾക്കുന്നുവോ എന്നത് ഉൽപത്തി വിഷയമായും ആരെ കേൾക്കുന്നു എന്നത് കർമ്മവിഭക്തിയിലുമാണ് ഉള്ളത്, ... അതുകൊണ്ട്, ക്രിസ്തുവിനെ കുറിച്ചു കേൾക്കുക എന്നു പറഞ്ഞാൽ, അവനെ കൈക്കൊള്ളുകയും ക്രിസ്തുവിനെ കുറിച്ചു പ്രഖ്യാപിക്കുകയും ചെയ്യുക എന്നാണർത്ഥം.[8]

എഫെസ്യർ ക്രിസ്തുവിനെ കുറിച്ചും അവന്റെ വഴിയെ കുറിച്ചും കേട്ടിരുന്നു (4:20). ആദ്യ ഉപദേശത്തിനുശേഷമാണ് അവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റത്. "അവനിൽ ഉപദേശം ലഭിച്ചു" എന്നു പറയുന്നത് അവർ ആദ്യം സുവിശേഷം കേട്ടതിനു *ശേഷം* ക്രിസ്ത്യാനികളാകുവാൻ അവരെ പ്രബോധിപ്പിച്ച ഉപദേശമാണ്. അവരുടെ പരിവർത്തനത്തിനു ശേഷവും അവർക്ക് "അവനിൽ ഉപദേശം" ലഭിച്ചിരുന്നു. അത് അവർ "അവനിൽ" ആത്മിയമായി വളരേണ്ടതിനായിരുന്നു.

"യേശുവിൽ സത്യം ഉള്ളതുപോലെ" എന്നു പറയുന്നത് യേശു സത്യത്തിന്റെ മൂർത്തീകരണമാണെന്ന് അവരെ ഓർമ്മിപ്പിക്കുകയാണ് (യോഹ. 14:6 നോക്കുക). ക്രിസ്തുവിനെ കുറിച്ചുള്ള സത്യം എഫെസ്യർ കേൾക്കുകയും സ്വീകരിക്കുകയും ചെയ്തത്, അവർ "അവനിൽ ഉപദേശം ലഭിച്ച്" ജാതികളെ പോലെ നടക്കാതെ ക്രിസ്തുവിലുള്ള പുതിയ ജീവിതം നയിക്കേണ്ടതിനായിരുന്നു.

**വാക്യം 22.** വാക്യങ്ങൾ 22 മുതൽ 24 വരെ മൂന്നു പ്രവൃത്തികൾ പറഞ്ഞിരിക്കുന്നു. എന്തു ചെയ്യുവാനായിരുന്നു എഫെസ്യരെ പഠിപ്പിച്ചത് എന്ന് പൗലൊസ് വിശദമാക്കുകയായിരുന്നോ (4:21), അല്ലെങ്കിൽ സഹോദരന്മാരെ പഠിപ്പിച്ചതിന്റെ ഫലമായിരുന്നോ അവരുടെ പ്രതികരണം? അത് ഒരുപക്ഷെ ആജ്ഞാരൂപത്തിലായിരിക്കുകയില്ല, കാരണം പൗലൊസ് പറഞ്ഞത് "ഉപദേശിച്ചത് ... നിങ്ങൾ കേട്ടു" എന്നും "നിങ്ങൾ ഉപേക്ഷിച്ചു" എന്നുമാണ്. എന്തു പഠിപ്പിച്ചുവോ അത് പൗലൊസ് വിശദമാക്കുകയായിരുന്നു എന്നു തോന്നുന്നു കാരണം അവർ സുവിശേഷം അനുസരിച്ച ആളുകളായിരുന്നു. അവർ ഉപദേശത്തോട് പ്രതികരിച്ചപ്പോൾ, അവരുടെ പഴയമനുഷ്യനെ "ഉപേക്ഷിച്ചിരുന്നു."

**പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതായിരുന്നു** അവരുടെ ആദ്യ പ്രവൃത്തി. ആ പ്രവൃത്തി എപ്പോഴായിരുന്നു എന്ന് വാക്യം കൃത്യമായി പറയുന്നില്ല. എങ്ങനെയായാലും, റോമർ 6:2-6 പറയുന്നത് ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവർ അവന്റെ അടക്കത്തിൽ പങ്കാളികളാകുന്നു എന്നാണ്. ആ രീതിയിൽ ഒരാൾ പാപസംബന്ധമായി മരിക്കുകയും ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ ഉയിർക്കുകയും ചെയ്യുന്നു. അങ്ങനെ മരിക്കുകയും ക്രിസ്തുവിനോടുകൂടെ ഉയർക്കുകയും ചെയ്തവരെ കുറിച്ച് പൗലൊസ് വാക്യം 6-ൽ പറയുന്നു, "നമ്മുടെ പാപ ശരീരത്തിന്നു നീക്കം വരേണ്ടതിന്നു, പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു." ഈ വേദഭാഗത്തിലെ "പഴയ മനുഷ്യൻ ... പുതിയ മനുഷ്യൻ" എന്ന ആശയം (4:20-24) തന്നെയായിരിക്കണം പൗലൊസ് റോമർ 6-ൽ എഴുതിയതും. കൂടാതെ, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവർ ... "ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" എന്നും പ

ൗലൊസ് പറഞ്ഞിരിക്കുന്നു (ഗലാ. 3:27), അത് "പുതിയ മനുഷ്യനെ" ആണ് സൂചിപ്പിക്കുന്നത്, അതുകൊണ്ട് 4:22-ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ സമയം നിർവ്വചിച്ചിരിക്കുന്നു-*സ്നാനമേൽക്കുന്ന സമയത്തായിരുന്നു* പഴയ മനുഷ്യനെ ഉപേക്ഷിച്ചത്.

"പഴയ മനുഷ്യനെ" സംബന്ധിച്ച്, "പഴയ" (*പാലായിയോസ്*) അന്തർലീന മാക്കുന്നത് "കീറിയ, ജീർണ്ണിച്ച, ഉപയോഗശൂന്യമായ"[9] എന്നാണ്. "മനുഷ്യൻ" (*ആന്ത്രോപോസ്*). അത് എഫെസ്യർ മുൻപ് പാപത്തിന്നു അടിമകളായിരുന്ന അവസ്ഥയാണ് പറയുന്നത്. "പഴയ മനുഷ്യനെ" ഉപേക്ഷിക്കുക എന്നാൽ ഏതാനും ദുശീലങ്ങളെ വിട്ടുകളയുക എന്നല്ല, പിന്നെയോ കഴിഞ്ഞകാല സ്വ ഭാവങ്ങളെ മുഴുവൻ ഉപേക്ഷിക്കുക എന്നാണ്. "പാപത്തിന്ന് അടിമയായിരുന്ന പഴയ മനുഷ്യനെ പൂർണ്ണമായും"[10] വിട്ടുകളയണം എന്നർത്ഥം.

**ചതിമോഹങ്ങളാൽ വഷളായി പോകുന്നതായിരുന്നു** പഴയ മനുഷ്യൻ. "വഷളായിപ്പോകുന്ന" എന്ന പ്രയോഗം തുടർപ്രവൃത്തിയെയാണ് കാണിക്കു ന്നത്, അതിനാൽ പഴയ മനുഷ്യൻ കൂടുതൽ വഷളായിക്കൊണ്ടാണിരുന്നത്. "മോഹങ്ങൾ" തർജിമ ചെയ്തിരിക്കുന്നത് *എപിതുമിയ* ആണ്, ഈ,സന്ദർഭ ത്തിലെ അർത്ഥം, "കൊതിയുള്ള, വികാരവിക്ഷോഭ്യമായ വാഞ്ഛ."[11] ആ ദുഷ്ക്കാമ മോഹങ്ങൾ "വഞ്ചിക്കുന്നതായിരുന്നു," കാരണം അത് വാഗ്ദാനം ചെയ്യുന്നത് സുഖമാണെങ്കിലും, നയിക്കുന്നത് വഷളായ ജീവിതമായിരുന്നു. ജാതികളുടേത് വഞ്ചിക്കുന്ന വഴിയായിരുന്നു (2:3). വിശ്വാസികൾ അത്തരം വഴി ഉപേക്ഷിച്ചിരുന്നു, കാരണം അത് സുവിശേഷ സത്യത്തിന് എതിരായി രുന്നു (4:14, 15; 2 തെസ്സ. 2:10). സത്യവും അസത്യവും വേർതിരിച്ച് മനസിലാ ക്കുവാൻ കഴിയാത്തവരെ തെറ്റായ തത്വജ്ഞാനം കുടുക്കിയിരുന്നു (കൊലൊ. 2:8 നോക്കുക).

### "പുതുക്കം പ്രാപിക്കുക" (4:23)

**[23]നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധിച്ച് പുതുക്കം പ്രാപിച്ചു.**

**വാക്യം 23.** എഫെസ്യർ സ്നാനപ്പെടുന്നതിനു മുൻപ് അവർ ചെയ്തി രുന്നവ "ഉപേക്ഷിച്ചതായിരുന്നു" മൂന്നു പ്രവർത്തികളിൽ ആദ്യത്തേത്. രണ്ടാമത്തേത്, **ആത്മാവിൽ മനസ് പുതുക്കുന്ന** നടപടിയായിരുന്നു. "പു തുക്കം പ്രാപിക്കൽ" (*അനാനെയോ*) എന്നത് "ഉള്ളിൽ നവീകരണം വരുത്തുന്ന പുതുക്കലാണ്."[12] ഇവിടെ ഉപയോഗിച്ച വ്യാകരണം വ്യക്ത മാക്കുന്നത് "ആ പ്രവൃത്തി എപ്പോൾ ആരംഭിച്ചു എന്നു നോക്കാതെ തുടർച്ചയായി ചെയ്യണം എന്ന് അന്തർലീനമാക്കിയിരിക്കുന്നു." അതു കാണിക്കുന്നത്, "ഏതെങ്കിലും വിധത്തിൽ കർത്താവിനെയോ കർത്താ വിനെ കുറിച്ചോ പ്രവർത്തിക്കുന്നു എന്നാണ്."[13] എന്നെ-ന്നേക്കു-മായി പ ഴയ മനുഷ്യനെ ഉപേക്ഷിക്കുന്ന പ്രവൃത്തി സ്നാനപ്പെടുമ്പോൾ സംഭവി ക്കുന്നതും ക്രിസ്തീയ ജീവിതത്തിലുടനീളം പുതുക്കം സംഭവിച്ചുകൊ ണ്ടിരിക്കേണ്ടതുമാണ്.

ഇവിടെ പറഞ്ഞിരിക്കുന്ന "ആത്മാവ്" പരിശുദ്ധാത്മാവ് അല്ല. കാരണം പൗലൊസ് പറഞ്ഞിരിക്കുന്നത് "*ഉള്ളിലെ* ആത്മാവ്" എന്നാണ് (എംഫസിസ് ആഡഡ്). വിവേചിക്കുവാനും മനസിലാക്കുവാനും കഴിവുള്ള ഭാഗമാണ് "മന

സ്" എന്ന ഉള്ള്, "ധാർമ്മികമായി ചിന്തിക്കുന്ന ഭാഗമാണ്."[14] (4:17; റോമർ 1:28; 7:23 നോക്കുക). "ആത്മാവും," "മനസും" ഒരുമിച്ച് പറഞ്ഞിരിക്കുന്നുവങ്കിലും രണ്ടും രണ്ടാണ്. ദൈവസാദൃശത്തിൽ മെനഞ്ഞിരിക്കുന്നതും ദൈവത്തോടു കൂട്ടായ്മ പുലർത്തുവാനുദ്ദേശിച്ച് നൽകിയതുമായ ഒരു വ്യക്തിത്വമാണ് അത് (ഉല്. 1:26, 27). "ആത്മാവും," "മനസും" തമ്മിലുള്ള വ്യത്യാസം പൗലൊസ് 1 കൊരിന്ത്യർ 14:14-ൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തിത്വവും (ആത്മാവ്), ശരിയായി വിവേചിക്കുവാനുള്ള കഴിവ് ആയ (മനസും) ദിവസം തോറും പുതുക്കിക്കൊണ്ടിരിക്കണം (റോമർ 12:2; 2 കൊ. 4:16). ഇവിടെ ഉപയോഗിച്ച ക്രിയ പറയുന്നത് ക്രിസ്ത്യാനി തന്നെയാണ് അവനിൽ സജീവമായി പുതുക്കം വരുത്തേണ്ടത് എന്നാണ്.

## "പുതിയ മനുഷ്യനെ ധരിച്ചുകൊൾക" (4:24)

**24സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ.**

**വാക്യം 24.** ഈ സന്ദർഭത്തിൽ പൗലൊസ് പറഞ്ഞ മൂന്നാമത്തെ പ്രവൃത്തിയാണ് **പുതുമനുഷ്യനെ ധരിച്ചുകൊൾക** എന്നത്. പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നത് പറഞ്ഞതുപോലെ, ഇതും പ്രത്യേകമായി പറയാത്ത സമയത്ത് സംഭവിക്കുന്നതാണ്. ഉപേക്ഷിക്കുന്നത് സംഭവിക്കുന്നത് സ്നാനപ്പെടുമ്പോഴാണ്, പുതിയ മനുഷ്യനെ ധരിക്കുന്നതും അപ്പോൾ തന്നെയാണ്. ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, അയാൾ ക്രിസ്തുവിലാകുകയും "പുതിയ സൃഷ്ടി" യാകുകയും ചെയ്യുന്നു (2 കൊ. 5:17). ക്രിസ്തുവിലാകുമ്പോൾ, അയാൾ ശരീരം ആകുന്ന സഭയിലാകുകയും, ദൈവ ഭവനത്തിൽ അംഗമായി തീരുകയും ചെയ്യുന്നു (2:19 നോക്കുക).

ഒരു ദൈവപൈതലായി തീരുമ്പോൾ, ക്രിസ്ത്യാനി കുടുംബത്തെ ഇഷ്ടപ്പെടുന്നവനായി തീരുന്നു. അതുകൊണ്ട്, പൗലൊസ് പറയുന്നു പുതിയ മനുഷ്യൻ **ദൈവരൂപമാണ്** എന്ന്. സമയമനുസരിച്ചല്ല പുതിയ മനുഷ്യൻ പുതുതായി തീരുന്നത് (അത് പ്രകടിപ്പിക്കുവാൻ പൗലൊസ് ഇവിടെ *നെയോസ്* എന്നാണ് ഉപയോഗിച്ചിരിക്കുന്നത്), പക്ഷെ പുതുമ ഗുണത്തിലാണ് (ഇവിടെ പ്രയോഗിച്ചിരിക്കുന്നത് *കായിനോസ്* ആണ്). "പഴയതിന് വിപരീതമാണ്" ഈ പുതുമ. പഴയത് "കാലപ്പഴക്കത്താൽ ഊനം വരുത്തും."[15] പിന്നീട് പൗലൊസ് ഈ ലേഖനത്തിൽ ഈ ആശയം "പ്രിയ മക്കൾ എന്നപോലെ, ദൈവത്തെ അനുകരിപ്പിൻ" എന്ന വാക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു (5:1). നടപടി ഒരു സൃഷ്ടിത്വമാണ്. ദൈവം ആദ്യമനുഷ്യനെ പൊടിയിൽനിന്നു മെനഞ്ഞ് മുക്കിൽ ജീവശ്വാസം ഊതി സൃഷ്ടിച്ചതുപോലെ, പാപത്തിൽ വീണുപോയ മനുഷ്യനെ ആത്മിയ ജീവൻ നൽകി പുതുമനുഷ്യരാക്കി സൃഷ്ടിച്ചിരിക്കുന്നു. "ക്രിസ്തുയേശുവിൽ നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (2:10) എന്ന് നാം മുൻപ് കാണുകയുണ്ടായി. ദൈവവും മനുഷ്യരും തമ്മിലുള്ള ഈ സഹകരണ നടപടിയിൽ ദൈവമാണ് ആദ്യം മുന്നിട്ടിറങ്ങിയത് (2:1-22), നാം ക്രിസ്തുവിനോട് ചേരുവാൻ സുവിശേഷത്തിൽ വിശ്വസിച്ച് സ്നാനം ഏൽക്കുകയും പുതുമനുഷ്യനെ ധരിച്ച് നമ്മുടെ ഉത്തരവാദിത്തം നാം നിറവേറ്റുന്നു (ഗലാ. 3:27).

**നീതി** ക്രിസ്ത്യാനികളായി തീരുന്നവർക്ക് നൽകുന്ന ഗുണമാണ്. മനുഷ്യനിൽ തന്റേതായ നീതിയില്ല; അവൻ പാപത്തിൽ ജീവിച്ചപ്പോൾ, “നീതിയെ സംബന്ധിച്ച് സ്വതന്ത്രനായിരുന്നു” (റോമ. 6:20). മനുഷ്യന്റെ നീതി ആകേണ്ടതിനായിരുന്നു ക്രിസ്തു ലോകത്തിലേക്ക് വന്നത് (1 കൊ. 1:30) “പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന് അവൻ നമുക്ക് വേണ്ടി പാപം ആക്കി” (2 കൊ. 5:21). അതുകൊണ്ട്, ഒരാൾ സുവിശേഷം അനുസരിക്കുമ്പോൾ, അയാൾ നീതിക്ക് ദാസനായി തീരുന്നു (റോമർ 6:17,18). ക്രിസ്തുവിലാകുന്നവർ നീതിമാന്മാരാകും എന്നാണ് ദൈവം പറഞ്ഞത്; അതാണ് പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശം. മറ്റുള്ളവരോടുള്ള ബന്ധങ്ങളിൽ നാം ശരിയായതു ചെയ്യുമ്പോഴാണ് ആ നീതി നമ്മിൽ കാണുന്നത്.

**വിശുദ്ധിയും** ദൈവരു-പത്തിലുള്ള സ്വഭാവമാണ്, ദൈവം വിശുദ്ധനായിരിക്കയാൽ, എഫെസ്യരും വിശുദ്ധരാകേണ്ടിയിരുന്നു (1 പത്രൊ. 1:16 നോക്കുക). കൂടാതെ, നീതി ദൈവത്തിന്റെ ഗുണമാകയാൽ, വിശ്വാസികൾ അന്യോന്യമുള്ള ബന്ധത്തിൽ അത് അനുകരിക്കുകയും, വിശുദ്ധി ദൈവഗുണമാകയാൽ, ദൈവത്തിന് നൽകുന്നതെല്ലാം ശരിയായതായിരിക്കണം. പുതിയ മനുഷ്യൻ ദൈവത്തോടും മനുഷ്യരോടുമുള്ള തന്റെ ഉത്തരവാദിത്തം ശരിയായി നിർവ്വഹിക്കും. ജാതികളുടെ ജീവിതശൈലിയായ അശുദ്ധിയും അനീതിയും എടുത്തു കാണിക്കുന്ന വെളിപ്പെടുത്തിയ സത്യം അനുസരിക്കുമ്പോൾ ലഭിക്കുന്ന **സത്യത്തിന്റെ** ഫലമാണ് നീതിയും വിശുദ്ധിയും (4:17–19).

## “ഭോഷ്ക്കിൽ നിന്നു സത്യത്തിലേക്ക് തിരിയുക” (4:25)

**25ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലൊ.**

ക്രിസ്ത്യാനിയുടെ നടപ്പിൽ അഥവാ ജീവിതത്തിൽ, ക്രിസ്തുവിന്റെ ശരീരത്തിലെ ഭാഗമായി പ്രവർത്തിക്കേണ്ടതിന് ശരിയായ പഠനം ആവശ്യമാണ്. അതേസമയത്ത് വ്യക്തിപരമായ വളർച്ചയും ആവശ്യമാണ്. ആ നടപടിയെയാണ് പൗലൊസ് “ഉള്ളിലെ ആത്മാവ് സംബന്ധിച്ച് പുതുക്കം പ്രാപിക്കണം” എന്നു പറഞ്ഞിരിക്കുന്നത്. 4:25–32–ൽ, ക്രിസ്തുവിലാകുന്നവർ എങ്ങനെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും, പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനാകുന്നത് എന്നും പൗലൊസ് വിവരിച്ചിരിക്കുന്നു.

**വാക്യം 25.** ഇവിടത്തെ പ്രബോധനത്തിൽ, സെഖ. 8:16 ഉദ്ധരിച്ചിരിക്കുന്നതായി ശ്രദ്ധിച്ചാൽ മനസിലാകും. ഒരു പ്രായോഗിക പരിശീലനവുമായാണ് ആ പ്രസ്താവന തുടങ്ങുന്നത്, അതിൽ വിളിച്ച വിളിക്കു യോഗ്യമായി നടക്കൽ, ദൈവത്തെ അനുകരിക്കൽ, പുതുമനുഷ്യനായി തീരുക എന്നതെല്ലാം അടങ്ങിയിരിക്കുന്നു. **അതുകൊണ്ട്,** പൗലൊസ് ആദ്യം എഴുതിയതിനോട് ബന്ധിപ്പിച്ചാണ് തുടർന്നു പറയുവാനുള്ളത് ബോധ്യമാക്കുന്നത്. ക്രിസ്ത്യാനികളായ നാം മറ്റുള്ളവരോട് സത്യം സംസാരിക്കണം. അത് നാം ദൈവത്തിനുള്ളവരായതുകൊണ്ട് മാത്രമല്ല, നാം **അന്യോന്യം അവയവങ്ങളുമായതുകൊണ്ടാണ്**. ഈ ലേഖനത്തിലുടനീളം, പൗലൊസ് പറയുന്നത് ക്രിസ്തു തലയായിരിക്കുന്ന

ശരീരമാണ് സഭ എന്നത്രെ. ഭൗതിക ശരീരത്തിലെ അവയവങ്ങൾ ഓരോന്നും തലയുടെ നിർദ്ദേശമനുസരിച്ച് മാത്രം പ്രവർത്തിക്കുന്നതുപോലെ, അവന്റെ ആത്മിയ ശരീരവും തലയുടെ ഇഷ്ടം മാത്രം അനുസരിക്കയും എല്ലാവരോടും സത്യം **സംസാരിക്കു**[കയും] വേണം. "ഭോഷ്ക്ക്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്യുഡോസ്*), പറയുന്നത് എല്ലാ തെറ്റും, "ഒരാൾ വ്യാജം മുഖ്യമായെടുക്കുന്നത്."[16] **ഭോഷ്ക്ക് ഉപേക്ഷിച്ച്** എന്നതിന്റെ ഗ്രീക്ക് വാക്ക് സൂചിപ്പിക്കുന്നത് ഭോഷ്ക്ക് പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതുപോലെ, എന്നേക്കുമായി ഉപേക്ഷിക്കേണ്ടതാണ്.[17] അതിൽ എല്ലാ വഞ്ചനയും, പകുതി സത്യം പറഞ്ഞു വഞ്ചിക്കുന്നതും, ആവശ്യമായ മുഴുവൻ സത്യവും വെളിപ്പെടുത്താതിരിക്കുകയും ചെയ്യുന്നതെല്ലാം ഉൾപ്പെടും. ആ പ്രയോഗത്താൽ, പുതിയ മനുഷ്യനു**ണ്ടാ**കേണ്ട പ്രായോഗിക സ്വഭാവത്തെയാണ് പൗലൊസ് വ്യക്തമാക്കുന്നത്, സത്യം സംസാരിക്കേണ്ട ആവശ്യകതയും വ്യക്തമാക്കുന്നു. മറിച്ചായാൽ നാം സഹോദരീസഹോദരന്മാരോട് മോശമായി പെരുമാറുകയും നാം പഴയ മനുഷ്യനിലേക്ക് തിരിച്ചുപോകയുമാണ്.

## "കോപത്തിൽനിന്നു നിയന്ത്രണത്തിലേക്ക് തിരിയുക" (4:26, 27)

**26കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. 27സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്.**

**വാക്യം 26.** തന്റെ പോയിന്റ് തെളിയിക്കുവാൻ പൗലൊസ് പഴയനിയമ വേദഭാഗമായ സങ്കീർത്തനങ്ങൾ 4:4 ഉദ്ധരിച്ചിരിക്കുകയാണ്: **കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ.** പൗലൊസ് അവിടെ "കോപിക്കുവാൻ" അനുവദിക്കുകയല്ല ചെയ്യുന്നത്, എന്നാൽ കോപം വരുമെന്ന് ഓർമ്മിപ്പിക്കുകയാണ്. വാക്യം 26 ലും 27 ലും കോപത്തിന്റെ അപകടത്തെയാണ് എടുത്തു കാണിക്കുന്നത്. പൗലൊസ് "കോപം" എന്ന് വാക്യം 26 ലും 31 ലും പറഞ്ഞത്- (*ഓർഗിസോ*; 4:26), (*ഓർഗേ*; 4:31) ആണ്. സന്ദർഭത്തിൽനിന്ന്, *ഓർഗിസോ* ക്രോധം നിയന്ത്രിക്കുന്നതാണ്, എന്നാൽ *ഓർഗേ* കോപം അല്ലെങ്കിൽ വെറുപ്പു നിയന്ത്രിക്കാതെ പുറത്തുവിടുന്നതുമാണ്. അനീതിക്കും അഭക്തിക്കും എതിരെയുള്ള ദൈവത്തിന്റെ ക്രോധം ആയ *ഓർഗേ* നീതിയുള്ള കോപമാണ് (റോമർ 1:18). തന്റെ ദൈവികത്വത്തെ കുറിച്ച് ധാരാളം തെളിവുകൾ അവൻ നൽകിയിട്ടും, തന്നെ വിശ്വാസിക്കാതിരുന്ന ചിലരോട് അവൻ *ഓർഗേ* എന്ന കോപം പ്രകടിപ്പിച്ചു (മർ. 3:5), പക്ഷെ അത് നീതിപൂർവ്വമായിട്ടായിരുന്നു അവൻ പ്രകടിപ്പിച്ചത്.

എല്ലാ കോപവും തെറ്റല്ല, എന്നാൽ കോപം അപകടമായേക്കാം. നമുക്ക് കോപം വരുമ്പോൾ, നാം തെറ്റു പറയുകയോ ചെയ്യുകയോ ചെയ്യും. പൗലൊസ് പറഞ്ഞു, "കോപിച്ചാൽ, പാപം ചെയ്യാതിരിപ്പിൻ." അതിലുപരിയായി, കോപം വെച്ചുകൊണ്ടിരുന്നാലുള്ള ദോഷവശത്തെ മുന്നറിയിച്ച് അവൻ പറഞ്ഞു, **സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചുകൊണ്ടിരിക്കരുത്**. ഈ പ്രയോഗത്തിൽ "കോപം" എന്നതിന് മറ്റൊരു വാക്ക് (*പാരോർഗിസ്മോസ്*) ആണ് കാണുന്നത്, അത് പൗലൊസ് മുൻപ് പറഞ്ഞതിന് ഉറപ്പ് വരുത്തിയാണ് പറഞ്ഞിരിക്കുന്നത്, "കോപിപ്പിക്കുന്ന കോപത്തെയാണ് അത് വ്യക്തമാക്കുന്നത്."[18] കോപം നമ്മിൽ ജ്വാലയാക്കിയേക്കാം, എന്നാൽ തുടർന്നു നാം പ

റയുന്നതും പ്രവർത്തിക്കുന്നതും സൂക്ഷിക്കണം-പിന്നെ നാം കോപത്തെ അതിജീവിക്കണം.

**വാക്യം 27. പിശാചിന്നു അവസരം കൊടുക്കരുത്** എന്നത് തുടർപ്രവൃത്തിയെ വിലക്കിയിരിക്കുകയാണ്. പൗലൊസ് പറഞ്ഞത്, "പിശാചിന് സന്ദർഭം [അല്ലെങ്കിൽ അവസരം] കൊടുക്കുന്നത് അവസാനിപ്പിക്കുക, കൊടുക്കാതിരിക്കുക."[19] അനവസരത്തിലുള്ള കോപം നാം പിശാചിന് നമ്മുടെ ജീവിതത്തിൽ അവസരം കൊടുക്കുന്നതും അത് പാപത്തിലേക്ക് നമ്മെ നയിക്കുന്നതുമാണ്. "പിശാച്" ആത്മിയ ശക്തിയുള്ള സാത്താനാണ്, എന്നു പൗലൊസ് തിരിച്ചറിഞ്ഞിരുന്നു (വെളി. 12:9). 2:2-ൽ പേർ പറഞ്ഞിട്ടില്ലെങ്കിലും, "അവൻ അനുസരണക്കേടിന്റെ മക്കളിൽ ... ഇപ്പോൾ വ്യാപരിക്കുന്ന ആകാശത്തിലെ ദുഷ്ടശക്തിയാണ്." പിന്നീട് ഈ ലേഖനത്തിൽ "പിശാചിന്റെ തന്ത്രങ്ങൾ" എന്നും "ദുഷ്ടന്റെ തീയമ്പുകൾ" എന്നും അവൻ പറയുന്നത് അർത്ഥമാക്കുന്നത് ക്രിസ്ത്യാനികൾ ദുഷ്ടതയോട് പോരാടിക്കൊണ്ടിരിക്കണം എന്നാണ് (6:10-16). കോപം നിയന്ത്രിച്ചില്ലെങ്കിൽ സാത്താന് അവസരം കൊടുക്കുകയാവും ഫലം. അവൻ പുതിയ മനുഷ്യനും, യോഗ്യമായ നടപ്പിനും എതിരായി പ്രവർത്തിക്കും എന്നോർക്കുക.

## "മോഷണത്തിൽനിന്ന് അദ്ധ്വാനത്തിലേക്ക് തിരിയുക" (4:28)

**28കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്നു കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്.**

**വാക്യം 28.** അടുത്തത്, പൗലൊസ് പറയുന്നത് മോഷണത്തെ കുറിച്ചാണ്: **കള്ളൻ ഇനി കക്കാതെയിരിക്കുക.** ന്യായപ്രമാണം മോഷണത്തെ വിലക്കിയിരുന്നു (പുറ. 20:15; ലേവ്യ. 19:11; ആവ. 5:19), പുതിയനിയമത്തിൽ അത് ആവർത്തിച്ചിട്ടുമുണ്ട് (മർ. 10:19; റോമർ 13:9). മോഷണം സർവ്വസാധാരണയായിരുന്ന എഫെസൊസിലും ആ കൽപന അനിവാര്യമായിരുന്നു. ആ സഹോദരന്മാരിൽ ചിലർക്ക് ആ സ്വഭാവം ഉണ്ടായിരുന്നു എന്നല്ല, അപ്പോഴും ചിലർക്ക് ആ സ്വഭാവമുണ്ടായിരുന്നു എന്നു സ്പഷ്ടം. ഇവിടെ ഉപയോഗിച്ച ക്രിയ വ്യക്തമാക്കുന്നത് അവർ ആ പ്രവൃത്തി ആവർത്തിച്ചിരുന്നു എന്നാണ്.[20] പൗലൊസ് പറഞ്ഞു, "കള്ളൻ ഇനി കക്കരുത്!"

മോഷണത്തിനുള്ള പ്രതിവിധി കഠിനാദ്ധ്വാനമായിരുന്നു-**അവൻ കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രെ വേണ്ടത്.** പാപത്തിൽ അകപ്പെടുന്നതിനു മുൻപ് ഏദെൻ തോട്ടത്തിൽ "ജോലി ചെയ്യുവാനും, കാപ്പാനും" ഉള്ള ചുമതല ആദാമിനു കൊടുത്തിരുന്നു (ഉല്. 2:15). വീഴ്ച്ചക്ക് ശേഷവും ആദാം ജോലി ചെയ്യേണ്ടിയിരുന്നു, അപ്പോൾ കഠിനമായി എന്നു മാത്രം (ഉല്. 3:17-19). ദൈവ കൽപനകളിലെ ഭാഗമായിരുന്നു ജോലി എന്നതിനാൽ ദൈവം പറഞ്ഞു, "ആറ് ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക" (പുറ. 20:9). പുതിയനിയമത്തിൽ ആ നിയമത്തെ അംഗീകരിച്ചിട്ടുണ്ട്. ഏഴാം നാൾ "ജോലി" ചെയ്തു ശബ്ബത്ത് ലംഘിക്കുന്നതായി യേശുവിൽ കുറ്റം ആരോപിച്ചിരുന്നു (മർ. 2:23-28; 3:1-6). പൗലൊസ് തന്റെ ഉപജീവനത്തിന് കൂടാര-പ്പണി ചെയ്തിരുന്നതായി നാം കാണുന്നു (പ്രവൃ. 18:3). താൻ ജോ

ലി ചെയ്യുക മാത്രമല്ല, മറ്റുള്ളവരോട് ജോലി ചെയ്യുവാൻ കൽപിക്കുകയും ചെയ്തു പറഞ്ഞു, "വേല ചെയ്വാൻ മനസില്ലാത്തവൻ തിന്നുകയുമരുത്" (2 തെസ്സ. 3:10; 1 കൊ. 4:12; 1 തെസ്സ. 4:11, 12).

രണ്ട് കാരണങ്ങൾ കൊണ്ടാണ് പൗലൊസ് അദ്ധ്വാനിപ്പാൻ പറഞ്ഞത്. (1) അദ്ധ്വാനം പ്രയോജനമുള്ളതാണ്. ഒരു വ്യക്തിയെ സംബന്ധിച്ച് അത് ക്രിയാത്മകവും തന്റെ ഉപജീവനത്തിന് ഉതകുകയും ചെയ്യും. സമൂഹത്തിന് വസ്തുക്കളും സേവനവും നൽകുന്നതാണ് അദ്ധ്വാനം. ജോലിയിൽ തിരക്കുള്ളവരായി ഉൽപാദനം ലഭിക്കുമ്പോൾ ആളുകൾക്ക് സന്തോഷമുണ്ടാകും. (2) **മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പങ്കിടുവാൻ** പറ്റുന്നത് അദ്ധ്വാനിച്ച് ഫലം ഉണ്ടാകുമ്പോഴാണ്. ഒന്നാം നൂറ്റാണ്ടിലെ സഭ അത് പരിശീലിച്ചിരുന്നു. ഉദാഹരണത്തിന്, അവരുടെ മദ്ധ്യേ ആർക്കും മുട്ടില്ലാതിരിക്കേണ്ടതിന്ന് യെരുശലേം സഭയിലുണ്ടായിരുന്നവർ തങ്ങൾക്കുള്ളത് എല്ലാവർക്കുമായി പങ്കിട്ടിരുന്നു (പ്രവൃ. 2:45; 4:34). യെഹൂദ്യയിൽ ക്ഷാമം നേരിട്ടപ്പോൾ, യൂറോപ്പിലും, ആസ്യയിലുമുണ്ടായിരുന്ന സഹോദരന്മാർ, അവരുടെ ഉതവിക്കായി വേണ്ടതെല്ലാം അയച്ചുകൊടുത്തു (പ്രവൃ. 11:29, 30; റോമർ. 15:26; 2 കൊ. 8; 9). "വിശുദ്ധന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ" പൗലൊസ് റോമയിലുള്ള സഹോദരന്മാരെ ഉത്തേജിപ്പിച്ചു (റോമർ 12:13).

> ഈ ധാർമ്മികമായ വാചകം [4:28] മുഴുവനായി എടുത്താൽ, പഴയ മനുഷ്യനെ വേഗത്തിൽ മാറ്റി പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നതായി കാണാം. കള്ളൻ പരോപകാര തൽപരനായി, നിയമ വിരുദ്ധമായി പിടിച്ചുപറിക്കുന്ന പഴയ മാർഗത്തെ ഉപേക്ഷിച്ച് ഉദാരമായി സഹായിക്കുന്ന പുതിയ വഴിയിലേക്കാണ് മാറിയത്.[21]

## "ആകാത്ത വാക്കുകളിൽനിന്ന് ആത്മികവർദ്ധനവിലേക്കുള്ള സംസാരം" (4:29)

**29കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.**

**വാക്യം 29**. പുതിയ മനുഷ്യനെ ക്രിസ്ത്യാനിയുടെ സംസാരത്തിലും കാണിക്കണം. പൗലൊസ് മുൻപ് ഈ അദ്ധ്യായത്തിൽ പറഞ്ഞ യോഗ്യമായ നടപ്പും ഐക്യതയും തകർക്കുന്നതാണ് തെറ്റായ വാക്കുകൾ. മുൻപ് നൽകിയ രണ്ട് പ്രബോധനങ്ങളിലും പൗലൊസ്, ഒരു പ്രോൽസാഹനത്തിനു ശേഷം രണ്ട് പ്രസ്താവനകൾ നൽകിയിരിക്കുന്നു. അരുതാത്ത വാക്കുകൾ വിട്ട് കളഞ്ഞു നല്ല വാക്കുകൾ പറയുക, എന്ന അതേ മാതൃകയാണ് വാക്യം 29 ലും പിൻപറ്റിയിരിക്കുന്നത്. പരിശുദ്ധാത്മാവ് ദുഃഖിക്കാതിരിക്കേണ്ടതിന്, ക്രിസ്ത്യാനികൾ നല്ല വാക്കുകൾ മാത്രമെ ഉപയോഗിക്കാവു (4:30). **അരുതാത്തത്** എന്നതിന്റെ ഗ്രീക്ക് വാക്ക് (*സാപ്രോസ്*), അക്ഷരികമായി അർത്ഥമാക്കുന്നത്, "*കീറിയ, ... ഉപയോഗമില്ലാത്ത.*"[22] അത് "നല്ലതിന്" എതിരാണ് എന്നു പറയുമ്പോൾ, "*പ്രയോജനം ഇല്ലാത്ത, ആർക്കും ഒരു ഗുണവുമില്ലാത്ത*" എന്നർത്ഥം.[23]

മറ്റുള്ളവരെ ഇടിച്ചു താഴ്ത്തുന്നതും ഐക്യത ഇല്ലാതാക്കുന്നതുമായ വാക്കുകൾ എഫെസ്യർ ഉപേക്ഷിച്ച്, **ആവശ്യംപോലെ ആത്മികവർദ്ധനക്കായി നല്ല വാക്കുകൾ സംസാരിക്കണം** എന്നു പറഞ്ഞിരിക്കുന്നു. സഭയുടെ ആത്മിക വർദ്ധനക്ക് (പണിയുന്നതിന്) ഓരോ അംഗവും അവനവന്റെ പങ്ക് നിർവ്വഹിക്കണം (4:12, 16). മറ്റുള്ളവർ ആകേണ്ടതുപോലെ ആകുവാൻ അവരെ പ്രോൽസാഹിപ്പിക്കുന്ന നല്ല വാക്കുകൾ പറഞ്ഞുകൊണ്ടാണ് ശരീരത്തെ പണിയേണ്ട ഒരു രീതി. അത്തരം വാക്കുകൾ **കേൾക്കുന്നവർക്ക് എപ്പോഴും കൃപ ലഭിക്കുന്നതായിരിക്കും.** "കൃപ നൽകുക" എന്നു പറഞ്ഞാൽ കൃപയോടുകൂടി സംസാരിക്കുക എന്നർത്ഥം, അതായത്, മറ്റുള്ളവർക്ക് "ഉപകാരമായി" തീരേണം എന്നാണ് സൂചന.[24] 4:1-32-ൽ പറഞ്ഞ യോഗ്യമായ നടപ്പും, പുതിയ മനുഷ്യന്റെ പുതുക്കമുള്ള മനസും ആയിരിക്കും ക്രിസ്ത്യാനിയുടെ ജീവിതത്തിലെ വാക്കും പ്രവർത്തിയും.

## "ആത്മാവിനെ ദുഃഖിപ്പിക്കുന്നതിൽനിന്ന് അവനെ സന്തോഷിപ്പിക്കുന്നതിലേക്ക് തിരിയുക" (4:30)

**30ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവന്നാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്.**

**വാക്യം 30.** നിഷേധമായി അവതരിപ്പിച്ച കൽപനയുടെ അർത്ഥം, "വിലക്കിയിരിക്കുന്ന കാര്യങ്ങൾ തുടർന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത് അവസാനിപ്പിക്കുക എന്നാണ്." പരിശുദ്ധാത്മ നിയോഗത്താലായിരുന്നു ദൈവത്തിന്റെ വചനം അറിയായ്‌വന്നത് (1 കൊ. 2:13; 2 തിമൊ. 3:16, 17; 2 പത്രൊ. 1:19-21). വചനത്തെ തടുക്കുന്നത് പരിശുദ്ധാത്മാവിനോട് മറുക്കുന്നതാണ് (പ്രവൃ. 7:51). പരിശുദ്ധാത്മാവിനോട് എതിർക്കുന്നത് **പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതാണ്.** തുടർച്ചയായി പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത് "പരിശുദ്ധാത്മാവിനെ കെടുക്കലാണ്." (1 തെസ്സ. 5:19). പരിശുദ്ധാത്മാവ് നോക്കുന്നത് വിശ്വാസികളുടെ ഐക്യതയാണ് (4:3), സഭയുടെ ഐക്യത നഷ്ടമാക്കുന്നതെന്തും, ഈ സന്ദർഭത്തിൽ മോശമായ സംസാരവും പ്രവൃത്തിയും-ആത്മാവിനെ ദുഃഖിപ്പിക്കുന്നതാണ്. "ദുഃഖിപ്പിക്കുക" (*യുപെയോ*) അർത്ഥം, "കഠിനമായ മാനസികവും വൈകാരികവുമായ നിരാശ ജനിപ്പിക്കുക."[25] അത് യെശയ്യാവ് 63:10 ഓർമ്മിപ്പിക്കുന്നതാണ്, അവിടെ പ്രവാചകൻ മൽസരികളായിരുന്ന യിസ്രായേൽ ജനത്തെ കുറിച്ച് പറഞ്ഞു, "അവർ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു."

പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതിരിക്കുവാൻ പൗലൊസ് കൂട്ടിച്ചേർത്തത്, **അവനാലല്ലൊ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്.** അവർ ക്രിസ്തുവിനോട് ചേർന്നപ്പോൾ എഫെസ്യർ വീണ്ടെടുക്കപ്പെട്ടു എന്നു മുൻപ് പൗലൊസ് പറഞ്ഞിരുന്നു (1:7). അവരുടെ അന്തിമ വീണ്ടെടുപ്പിൻ നാളിലേക്കാണ് അവരെ മുദ്രയിട്ടിരിക്കുന്നത് (1:13, 14). ലോകാവസാനത്തിൽ യേശു വീണ്ടും വരുമ്പോൾ, അവകാശം മുഴുവൻ ലഭിക്കുമെന്നതിന്റെ ഉറപ്പിനുള്ള അച്ചാരമായിരുന്നു ആത്മാവ്. ക്രിസ്ത്യാനികളെ ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്താലാണ് മുദ്രയിട്ടിരിക്കുന്നത്, അത് വർത്തമാനകാലത്തിലും മഹത്വ

കരമായ ഭാവിയിലും ഉറപ്പിച്ചിരിക്കുകയാണ്. പൗലൊസ് ഊന്നി പറയുന്നത് സ്നാനപ്പെടുമ്പോൾ ലഭിക്കുന്ന ആത്മാവിനെയാണ് (പ്രവൃ. 2:38 നോക്കുക), അത് ദൈവവുമായി നിത്യഭവനത്തിൽ ഒന്നിച്ചു വസിക്കുമെന്ന ഉറപ്പുകൂടെ യാണ് തന്നിരിക്കുന്നത്. അതുകൊണ്ട് എഫെസ്യരുടെ വർത്തമാന കാല വാക്കുകളും പ്രവൃത്തികളും പരിശുദ്ധാത്മാവിനു ദുഃഖമല്ല, മറിച്ച് സന്തോഷ മാണ് ജനിപ്പിക്കുന്നത്.

### "കൈപ്പിൽനിന്നു മൃദുല-ഹൃദയത്തിലേക്ക് തിരിയുക" (4:31, 32)

**31എല്ലാ കൈപ്പും, കോപവും, ക്രോധവും, കൂറ്റാരവും, ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെ. 32നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ച തുപോലെ അന്യോന്യം ക്ഷമിപ്പിൻ.**

**വാക്യങ്ങൾ 31, 32**. അവസാന വിലക്കും പ്രബോധനവും നൽകിയാണ് പൗലൊസ് 4:1–32 ലെ ചർച്ച അവസാനിപ്പിക്കുന്നത്. പുതുക്കിയ മനസും പു തിയ മനുഷ്യനുമായി യോജിക്കുന്നതായിരുന്നു ആ നിർദ്ദേശങ്ങളെല്ലാം. ഒഴി വാക്കേണ്ട പ്രത്യേകമായ ആറു ദുർഗുണങ്ങളുണ്ട്.

1. **കൈപ്പ്** (*പിക്രിയ*) പറയുന്നത് "കഴിഞ്ഞകാല അമർഷം വെച്ച് കഠിന ഹൃദയമായി സംസാരിക്കുക."
2. **ക്രോധം** (*തുമോസ്*) പറയുന്നത് "ക്രോധാവേശത്താലുള്ള സ്ഫോടനം"
3. **കോപം** (*ഓർഗേ*) വാക്യം 26 ലെ അതേ വാക്കാണ് ഉപയോഗിച്ചിരിക്കു ന്നത്, "കാർന്നു തിന്നുന്ന ശത്രുത പ്രകടിപ്പിക്കുന്ന വികാരം."
4. **കൂറ്റാരം** (*ക്രൗഗേ*) "കോപം പുറമെ പ്രകടിപ്പിക്കുന്നത്" ഉദാഹരണമായി ബഹളം വെക്കൽ.
5. **ദൂഷണം** (*ബ്ലാസ്ഫെമിയ*) അർത്ഥം, അവമാനമായി സംസാരിക്കുക.
6. **ദുർഗുണം** (*കാകിയ*) മറ്റുള്ളവരെ വ്രണപ്പെടുത്തുന്ന സംസാരമോ പ്രവൃത്തിയോ ആണ് സൂചിപ്പിക്കുന്നത്.[26]

ആ ദുർഗുണങ്ങളൊന്നും പുതുക്കിയ മനസിനു യോജിച്ചതല്ലാത്തതിനാൽ, നീക്കി കളയുകയും കൽപനാ രൂപത്തിൽ *എയിറോ* ആവശ്യപ്പെടുന്നത് പെ ട്ടെന്ന് എന്തെങ്കിലും ചെയ്തു തുടങ്ങണം എന്നാണ്. ഈ സന്ദർഭത്തിൽ, എഫെസ്യർ ഉടനെ പറഞ്ഞതായ ദുർഗുണങ്ങളെല്ലാം "പൊക്കുക, ഉണരുക ... നീക്കുക ... നീക്കം ചെയ്യുക."[27]

നീക്കം ചെയ്യേണ്ടതായ ദുർഗുണങ്ങൾക്ക് പകരം അവർ അവരുടെ ജീവി തത്തോട് മൂന്നു ഗുണങ്ങൾ ചേർക്കേണ്ടതായിട്ടുണ്ടായിരുന്നു. അങ്ങനെ അവർക്ക് ഐക്യത നശിപ്പിക്കുന്ന ദുർഗുണങ്ങൾക്ക് പകരം യോജിപ്പുള്ള ഒരു സമൂഹത്തെ മെനയുവാൻ കഴിയും. **ദയയുള്ളവരായി** എന്നത് വർത്ത മാനകാലത്തിൽ തുടരേണ്ട കൽപനയാണ്. ദയ തർജിമ ചെയ്തിരിക്കുന്നത് *ക്രെസ്റ്റോസ്* ആണ്, അതിൽ "നന്ദികേടുണ്ടായിട്ടും ... ധർമ്മോപകാരം, സൗമ്യമായ, നല്ല" എന്നീ അർത്ഥങ്ങൾ അടങ്ങിയിരിക്കുന്നു.[28] **മനസ–ലിവ്** (*എയുസ്പ്ലാങ്ക്നോസ്*) "മനസലിവുള്ള" എന്നതിനു തുല്യമായ വാക്കാണ്.[29]

*എയുസ്പ്ലാങ്ക്നോസ്* എന്നതിന്റെ അക്ഷരികമായ അർത്ഥം, "ആരോഗ്യമുള്ള കുടലുകൾ" എന്നാണ്.[30] *സ്പ്ലാങ്ക്നോൺ* എന്ന വാക്കിന്റെ അർത്ഥം വയറിനുള്ളിലെ ഭാഗങ്ങൾ എന്നാണ്. പലപ്പോഴും ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ഹൃദയം" ആയിട്ടാണ്. കാരണം അന്തർഭാഗമാണ് വികാരത്തിന്റെ കേന്ദ്രം എന്നു കരുതിയിരുന്നു.[31] ക്രിസ്തു മുഖാന്തരം ദൈവം നമ്മോട് ക്ഷമിച്ചതിനാലാണ് നമ്മോട് **അന്യോന്യം ക്ഷമിപ്പിൻ** എന്നു കൽപ്പിച്ചിരിക്കുന്നത്. ലേഖനത്തിന്റെ ആദ്യപകുതിയിൽ, എഫെസ്യർക്ക് ലഭിച്ച പാപക്ഷമയെ പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു. 4:1–32–ൽ, ലഭിച്ച ക്ഷമാപണപ്രകാരം ജീവിച്ചാലാണ് സഭാസമൂഹത്തിലുള്ള അന്യോന്യബന്ധം നിലനിർത്തുവാൻ കഴിയു എന്ന് പൗലൊസ് ശക്തമായി പറഞ്ഞിരിക്കുന്നു (മത്താ. 6:14, 15).

4:17–32 ലെ പ്രബോധനത്തോടുകൂടി പൗലൊസ് എഫെസ്യ ലേഖനത്തിലെ പ്രായോഗിക ഭാഗം അവസാനിപ്പിക്കുകയാണ്. മനസ് പുതുക്കി ഐക്യതയിൽ വിളിച്ച വിളിക്ക് യോഗ്യമായി സഭയിലെ അംഗങ്ങൾ നടക്കണം.

## പ്രായോഗികത

### ഉയർപ്പ് ശൈലിയിൽ വസ്ത്രം ധരിക്കുക (4:17–32)

യോഹന്നാൻ 11–ൽ, യേശുവിന്റെ പ്രിയ സ്നേഹിതനായിരുന്ന ലാസർ, മരിച്ച സംഭവം വിവരിച്ചിരിക്കുന്നു. യേശു ബെഥാന്യയിലെത്തിയപ്പോഴേക്ക് ലാസറിനെ കല്ലറയിൽ അടക്കിയിട്ട് നാല് ദിവസം കഴിഞ്ഞിരുന്നു. കല്ലറയുടെ വാതിൽക്കൽ വെച്ചിരുന്ന കല്ല് നീക്കം ചെയ്യുവാൻ യേശു പറഞ്ഞപ്പോൾ, മാർത്ത പറഞ്ഞു, "കർത്താവേ, നാറ്റം വെച്ചു തുടങ്ങി; നാലു ദിവസം ആയല്ലൊ" (യോഹ. 11:39). യേശു നിർബ്ബന്ധിച്ചപ്പോൾ, കല്ല് നീക്കി. പിന്നെ അവൻ ഉറക്കെ "ലാസറേ പുറത്തു വാ" എന്നു പറഞ്ഞു (യോഹ. 11:43). വേദഭാഗം നമ്മോട് പറയുന്നു, "മരിച്ചവൻ പുറത്തു വന്നു; അവന്റെ കാലും കയ്യും ശീലകൊണ്ട് കെട്ടിയും, മുഖം റൂമാല് കൊണ്ട് മൂടിയും ഇരുന്നു. യേശു അവരോട്, 'അവന്റെ കെട്ട് അഴിപ്പിൻ അവൻ പോകട്ടെ' എന്നു പറഞ്ഞു" (യോഹ. 11:44). ലാസർ അപ്പോൾ മരണത്തിൽനിന്ന് മോചിതനായി തീർന്നു. അവൻ ആദ്യമായി ചെയ്യേണ്ടിയിരുന്നത് മരിച്ചവന്റെ വസ്ത്രം ഉപേക്ഷിക്കുക എന്നതായിരുന്നു, പിന്നെ അവൻ ജീവിച്ചിരിക്കുന്നവന്റെ വസ്ത്രം ധരിക്കണമായിരുന്നു.

എഫെസ്യർക്കുള്ള ലേഖനത്തിൽ പൗലൊസ് ദൃഷ്ടാന്തമായിട്ടാണ് പറഞ്ഞത്. അദ്ധ്യായം 2–ൽ പറഞ്ഞതനുസരിച്ച്, ദൈവസന്നിധിയിൽ എഫെസ്യർ തങ്ങളുടെ പാപങ്ങളിൽ മരിച്ചവരായിരുന്നു, എന്നാൽ അവൻ അവരെ ഉയർപ്പിച്ച് പുതിയ ജീവൻ നൽകി. ഒരാൾ തന്റെ ആത്മിയമായ കല്ലറ വസ്ത്രം മാറ്റി ഉയർത്തെഴുന്നേൽപ് വസ്ത്രം ധരിക്കുന്നത് എങ്ങനെ? പൗലൊസ് ഇതു പറഞ്ഞപ്പോൾ, അവൻ മൂന്നു ഭാഗങ്ങളാക്കി അതിനെ അവതരിപ്പിച്ചു.

(1) *വഷളായ മുമ്പിലത്തെ നടപ്പ്* (4:17–19)

> ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ച് പറയുന്നതെന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധിയനുസരിച്ച് നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നെ, ദൈവത്തിന്റെ ജീവനിൽനിന്ന് അകന്നു മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ, സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിന്നു തങ്ങളെത്തന്നെ

ഏൽപിച്ചിരിക്കുന്നു (4:17-19).

പൗലൊസ് പറഞ്ഞ ഈ വേദഭാഗത്തെ നമുക്ക് “ജാതികൾ” എന്നതിന് പകരം “ഇന്ത്യക്കാരും,” “ഏഷ്യക്കാരും” എന്നു പറയാം. ഇന്നത്തെ വിവിധ സമൂഹങ്ങളെ അതിൽ വരച്ചു കാണിച്ചിരിക്കുന്നതായി നമുക്ക് കാണാം.

യേശുവിനെ അറിയാത്തവരുടെ ചിന്താധാരയെയാണ് പൗലൊസ് ഇവിടെ വിവരിച്ചിരിക്കുന്നത്: അവരുടെ ചിന്ത വ്യർത്ഥമാണ്, മനസിലാക്കുവാൻ കഴിയാത്തവിധം അവരുടെ മനസ് ഇരുണ്ടിരിക്കുന്നു; തൽഫലമായി അവർ അജ്ഞരായിരിക്കുന്നു. അവരുടെ അന്ധമനസ് നിമിത്തം അവരുടെ ജീവിതം തന്നെ താറു-മാറായിരിക്കുന്നു. അവർ കൂറ്റാരമുള്ളവരും, തന്നിഷ്ടക്കാരും, വിഷയാസക്തിയുള്ളവരുമായിരുന്നു.

4:17-19 ലെ മുഖ്യവാക്ക് “കാഠിന്യം” എന്നാണ്. അജ്ഞതയുള്ളവരുടെ ഹൃദയം കഠിനപ്പെട്ടിരിക്കുകയാണ്. അവർ ദൈവത്തിന്റെ സത്യം പഠിക്കുവാൻ ശ്രമിക്കുകയില്ല. അവരുടെ അജ്ഞത നിമിത്തം തങ്ങളുടെ പ്രവൃത്തികളുടെ പ്രാധാന്യം ഗ്രഹിക്കുവാൻ കഴിയുന്നില്ല. പൗലൊസ് ഉപയോഗിച്ച “കാഠിന്യം” എന്ന വാക്ക് മാർബിളിനേക്കാൾ കടുപ്പമുള്ള കല്ലിനെയാണ് അർത്ഥമാക്കുന്നത്. പിന്നീട് ഒരാളുടെ സന്ധികൾ മടക്കുവാൻ കഴിയാത്ത വിധത്തിൽ അവക്കിടയിൽ അടിഞ്ഞുകൂടുന്ന വസ്തുവിനെ വിവരിക്കുവാൻ ഡോക്ടർമാർ ആ വാക്ക് ഉപയോഗിച്ചു തുടങ്ങി. കൂടാതെ എല്ലുകൾ പൊട്ടിയശേഷം മുറിക്കൂടിയ കല്ലിച്ച ഭാഗത്തിനും ആ വാക്ക് ഉപയോഗിച്ച് കാണുന്നുണ്ട്-അത്തരം കല്ലിച്ച ഭാഗത്തിന് എല്ലിനേക്കാൾ കടുപ്പമുണ്ടായിരിക്കും. അവസാനമായി, ആ വാക്ക് ഇന്ദ്രിയബോധം നഷ്ടപ്പെടുന്ന അവസ്ഥക്കും ഉപയോഗിക്കുന്നു. വികാരം തോന്നാത്ത വിധത്തിൽ കഴിവ് നഷ്ടപ്പെടുന്ന കഠിനമായ സ്ഥിതിയെയാണ് വ്യക്തമാക്കുന്നത്.

പൗലൊസ് പറയുന്നതനുസരിച്ച് ദൈവമില്ലാതെ ജീവിക്കുന്ന ഒരാളുടെ അവസ്ഥയെയാണ് അത് കാണിക്കുന്ന്ത. വാസ്തവത്തിലുള്ള മൂല്യം ബോധ്യമാകാത്തവണ്ണം ഹൃദയം കഠിനപ്പെടുകയാണ്. ശരിയും തെറ്റും വിവേചിക്കുവാൻ സത്യ നിലവാരം സ്വീകരിക്കാതെ തന്നിഷ്ടപ്രകാരമുള്ള നിലവാരം സ്വീകരിക്കുകയണ്. ഫലമോ ധിക്കാരപരമായ ദുർഗുണത്തിലേക്ക് തിരിയുകയും, അത് അയാളുടെ സാധാരണ ജീവിതശൈലിയായി മാറുകയം ചെയ്യും. ലജ്ജ ഇല്ലാതാകുകയും, മാന്യത മറന്നുപോകയും ചെയ്യും. അത്തരം അവസ്ഥ ഒരാളിൽ വന്നാൽ അയാൾ സ്വന്തം ഇഷ്ടപ്രകാരമായിരിക്കും ജീവിക്കുക; താൻ ആരെ വ്രണപ്പെടുത്തുന്നു എന്നു കരുതാതെ, സ്വന്തം ഇഷ്ടം നടത്തുമ്പോൾ, ഏതു നിരപരാധി നശിച്ചാലും അയാളുടെ വികാരത്തെ അതു ബാധിക്കുകയില്ല.

നാം യേശുവിനെ കാണുന്നതിനു മൻപ്, ദുർഗുണത്തിന്റെ ഉപായത്തിൽ കുടുങ്ങി, നമ്മുടെ ചിന്ത തെറ്റിദ്ധാരണയിലായിരുന്നു. നമ്മിൽ ചിലർ നുണ പറയുകയും, ചതിക്കുകയും, മോഷ്ടിക്കുകയും ചെയ്തിരുന്നു. പലരും ഇരട്ട-മുഖമുള്ളവരും പരദൂഷണക്കാരുമായിരുന്നു. നാം വിജയകോണിയിൽ കയറുവാൻ ഒരുപക്ഷെ ആരുടെയെല്ലാം മുകളിൽ ചവിട്ടിക്കയറാമോ അതിനെല്ലാം ശ്രമിക്കും. ഇപ്പോൾ അതെല്ലാം മാറി.

(2) *പുതിയ സൃഷ്ടി* (4:20-24). ക്രിസ്തുവിലുള്ള ആത്മിയ പുതുക്കലിൽകൂടെ, നാം പഴയ മരണവസ്ത്രം നീക്കി, ഉയർത്തെഴുന്നേൽപ് ശൈലിയുടെ പുതുവസ്ത്രം ധരിക്കണം. അത്തരം നടപടിയിലായിരിക്കുന്നവരിൽ നാല് ഗുണ

ങ്ങൾ നമുക്ക് കാണാം.

നാം സ്വയ-കേന്ദ്രീകൃത ജീവിതത്തിൽനിന്ന് ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിലേക്ക് തിരിയുന്നു (4:20). ക്രിസ്തുവിനെ അറിയുക എന്നാൽ എന്താണ്? അവൻ എന്തായിരിക്കുന്നുവോ, അതെല്ലാം സ്വീകരിക്കുക എന്നാണ് അർത്ഥം. പിന്നെ നാം വ്യക്തിതാൽപര്യങ്ങൾക്ക് സ്ഥാനം നൽകുകയില്ല. പകരം, നാം യേശുവിനെ അറിയും-അവന് എന്താണ് ഇഷ്ടം, അവൻ എന്താണ് സ്നേഹിക്കുന്നത്, അവന് എന്താണ് ആവശ്യം എന്നിവയെ കുറിച്ച് ചിന്തിക്കും. പിന്നെ അയാളുടെ സ്വാർത്ഥതക്കു പകരം, എല്ലാം ക്രിസ്തുവായി തീരും.

നാം അജ്ഞതക്ക് പകരം സത്യം സ്വീകരിക്കും (4:21). നാം യേശുവിനെ അറിഞ്ഞാൽ, സത്യം അറിയും. യേശു യെഹൂദന്മാരോട് പറഞ്ഞു, "... നിങ്ങൾ എന്റെ വചനത്തിൽ നിലനിന്നാൽ ... നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ. 8:31, 32). ദുർഗുണത്തെ വിട്ടുകളയുവാനുള്ള വഴിയാണ് സത്യം. ലോകത്തിന്റെ യഥാർത്ഥ അവസ്ഥ കാണുന്നതും ശരിയായ തീരുമാനം എടുപ്പാൻ നമ്മെ സഹായിക്കുന്നതും സത്യമാണ്. യേശുവാണ് സത്യം; അവനെ അറിയുക എന്നാൽ ഇളകാത്തതും, മാറ്റമില്ലാത്തതുമായ നിലവാരത്താൽ നാം ജീവിക്കുക എന്നാണർത്ഥം.

ലജ്ജയില്ലാത്ത അവസ്ഥയിൽനിന്ന് നാം വിശുദ്ധിയിലേക്ക് പ്രവേശിക്കുന്നു (4:22). മുൻപ്, നാം പാപത്തെ കുറിച്ച് ബോധമില്ലാത്തവരായിരുന്നു. യേശുവിൽ, പാപത്തെ സംബന്ധിച്ച് നമ്മെ അതീവ-ബോധമുള്ളവരാക്കിയതിനാൽ, എന്തു വിലകൊടുത്തും പഴയത് ഉപേക്ഷിക്കും. പുതിയ സൃഷ്ടിയായി തീരുന്ന ഒരാൾ മുൻകരുതുന്നത് എപ്പോഴും വിശുദ്ധിയുള്ള ജീവിതമായിരിക്കും.

പാപത്തെ കുറിച്ചുള്ള അറിവും വിശുദ്ധിയെ കുറിച്ചുള്ള ലക്ഷ്യവും നഷ്ടമാകുവാനിടയുണ്ട്. നാം യേശുവിനെ അറിയുന്നതിനു മുൻപ് ജീവിച്ചിരുന്ന അതേ സ്ഥാനങ്ങളിൽ വീണ്ടും പോകുകയോ, അതേ ആളുകളുമായി ബന്ധപ്പെടുകയോ, അതേ പ്രവൃത്തികളിൽ വ്യാപൃതരാകുകയോ ചെയ്താൽ, പാപത്തെ കുറിച്ചുള്ള നമ്മുടെ ബോധം നഷ്ടമാകും. അങ്ങനെ സംഭവിച്ചാൽ, നമ്മുടെ നീതിബോധം തന്നെ നമുക്ക് നഷ്ടമാകും.

നാം പാപത്തെ കാണുമ്പോൾ, ഭയപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ പഴയ ജീവിതശൈലിയെ ഓർത്ത് നാം ലജ്ജിക്കണം. നാം നമ്മെത്തന്നെ പാപമുള്ള അവസ്ഥയിൽ നിലനിർത്തിയാൽ, നമ്മെ വിളിച്ച് ക്രിസ്തുവിൽ ജീവിക്കുവാൻ ദൈവം ചെയ്ത പ്രവൃത്തികളുടെ മൂല്യം നമുക്ക് നഷ്ടമാകും.

നാം ഇനി ഹീന മനസ്ക്കരല്ല; പകരം, പുതുക്കിയ മനസാണുള്ളത് (4:23). മാറിയ മനസോടുകൂടെയാണ് മാറിയ ജീവിതം ആരംഭിക്കുന്നത്. പുതുതായി പ്രവർത്തിക്കുവാൻ പുതുതായി ചിന്തിക്കണം. പൗലൊസ് റോമാക്കാരോട് പറഞ്ഞു, "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും, പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമ. 12:2).

നമ്മുടെ മനസ് പുതുക്കുന്നത് എങ്ങനെയാണ്? ജ്ഞാനത്തിൽനിന്നാണ് ദൈവഭക്തിയോടുകൂടെ ചിന്തിക്കുവാൻ കഴിയുന്നത്. കൊലൊ. 3:10-ൽ, പൗലൊസ് എഴുതി, "തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ."

നാം വികാരത്താലല്ല, മറിച്ച് ജ്ഞാനത്താലാണ് നവീകരണവും, ആവേശവും, ഉൽപാദനവുമുള്ളവരായി തീരുന്നത്. ദൈവത്തിന്റെ വചനത്താലാണ് നമുക്ക് ജ്ഞാനം ലഭിക്കുന്നത്. നമ്മുടെ മനസ് ദൈവവചനത്തിൽ ലയിപ്പിക്കുമ്പോൾ, നമുക്ക് ദൈവഭക്തിയോടെ ചിന്തിക്കുവാൻ കഴിയും. അത് നമ്മുടെ ജീവിതത്തെ സ്വാധീനിക്കും. നാം "സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (4:24).

(3) *ഇപ്പോഴത്തെ സ്വഭാവം* (4:25-29). നാം നമ്മുടെ ആത്മിയമായ കല്ലറ വസ്ത്രം മാറ്റി പുതിയ നീതിയും വിശുദ്ധിയുമുള്ള വസ്ത്രം ധരിക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായ അർത്ഥം എന്താണ്? പുതുക്കലിന് നാം യേശുവിനെ നോക്കുമ്പൾ, നമ്മുടെ സ്വഭാവത്തിന് എങ്ങനെയാണ് മാറ്റം ഉണ്ടാകുന്നതെന്ന് ചില ഉദാഹരണങ്ങൾ പൗലൊസ് നൽകുന്നു.

അസത്യത്തിന്റെ സ്ഥാനത്ത് സത്യസന്ധത വരുന്നു (4:25). തങ്ങൾ ആഗ്രഹിക്കുന്നത് നേടുവാൻ ആളുകൾ നുണ പറയുന്നു, എന്നാൽ നാം ഇനി അങ്ങനെ അരുത്. ക്രിസ്ത്യാനികളായ ശേഷം നമ്മുടെ ജീവിതത്തിൽ ഭോഷ്ക്ക് വരുവാൻ നാം അനുവദിക്കരുത്. എല്ലാ വിധ നുണയും എന്നു പൗലൊസ് പറഞ്ഞിരിക്കുന്നതിൽ, സത്യത്തെ മറിച്ചു കളയുന്നതും, ചതിക്കുന്നതും, വാഗ്ദാനം ചെയ്തതു പാലിക്കാത്തതും, അതിശയോക്തിപരമായി സംസാരിക്കുന്നതും, ഒഴികഴിവുകൾ പറയുന്നതും, നമ്മുടേതല്ലാത്ത പ്രവൃത്തിയും, ഉൽപന്നവും നമ്മുടേതാണെന്നു പറയുന്നതും എല്ലാം ഉൾപ്പെടുന്നതാണ്.

നുണയെ കൊല്ലുവാനുള്ള ഏകവഴി സത്യം പറയുക എന്നതാണ്. നാം എവിടെയായാലും സത്യം പറയണം. കൂടാതെ, സത്യം നാം പറയേണ്ടത് സ്നേഹത്തിലാണ് (4:15). പുതിയ സൃഷ്ടികളായ നാം പറയുന്നത് മാത്രമല്ല, എങ്ങനെ പറയുന്നു എന്നതും പ്രാധാന്യമുള്ളതാണ്. നാം ആരോട് സംസാരിക്കുന്നുവോ, അവരോട് സ്നേഹം ലക്ഷ്യമാക്കി വേണം അതു പറയുവാൻ.

സത്യസന്ധതയുടെ മറ്റു ലക്ഷ്യങ്ങൾ എന്തെല്ലാമാണ്? "കാരണം നാം തമ്മിൽ അവയവങ്ങളല്ലൊ." നമ്മുടെ വായിലേക്ക് ഭോഷ്ക്ക് കൊണ്ടുവരുമ്പോൾ, അത് നമ്മുടെ തലച്ചോറിന് എത്ര പ്രയാസമാണ് വരുത്തുന്നത്? ഭക്ഷിക്കുവാൻ ശ്രമിക്കുന്നത് വിപത്തായി തീരും. ശരീരത്തിലെ ഓരോ അവയവവും സത്യസന്ധമായി പ്രവർത്തിച്ചില്ലെങ്കിൽ, ശരീരത്തിന്റെ പ്രവൃത്തി സുഗമമായി പോകയില്ല.

നിയന്ത്രണമില്ലാതിരുന്ന വികാരത്തെ നിയന്ത്രണവിധേയമാക്കുന്നു (4:26, 27). കോപം ദൈവത്താൽ-നൽകപ്പെട്ട വികാരം ആകയാൽ, കോപത്തിൽ തെറ്റില്ല. യേശു പല അവസരങ്ങളിലും കോപിച്ചിട്ടുണ്ട് (മർ. 3:5). പലപ്പോഴും കോപമാണ് നമ്മെ തെറ്റിലേക്ക് നയിക്കുന്നത്.

കുടുംബകലഹങ്ങളെയും, അക്രമങ്ങളെയും, കുലപാതകങ്ങളെയും അതിന്റെ അനന്തരഫലങ്ങളെയും കുറിച്ച് വർത്തമാന പത്രങ്ങളിൽ വാർത്തകൾ വരുന്നു.

നാം അതുപോലെ പ്രവർത്തിക്കരുത് എന്നാണ് പൗലൊസ് പറയുന്നത്. കോപിച്ചാലും, നാം പാപം ചെയ്യരുത്. നമ്മുടെ വികാരങ്ങളെ നാം നിയന്ത്രിക്കണം. ആരെങ്കിലും നമ്മോട് കോപിച്ചാൽ, നാം അത് ഇന്നു തന്നെ ശാന്തമായി പരിഹരിക്കണം. ദിവസന്തോറും കോപം നമ്മിൽ ചരതിച്ച് വെക്കരുത്. അങ്ങനെ ചെയ്താൽ നാം തെറ്റായ കാര്യങ്ങൾ ചെയ്തുപോകും. പകരം,

നാം ആരോടെങ്കിലും കോപിച്ചാൽ, സ്നേഹത്തിൽ ആ സഹോദരന്റെയോ സഹോദരിയുടെയോ അടുക്കൽ ചെന്ന്, നീരസമുണ്ടാകുവാനുള്ള കാരണം സൗമ്യമായി ബോധ്യമാക്കുക. അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ നാം പിശാചിന് നമ്മുടെ ജീവിതത്തിൽ അവസരം നൽകും. അങ്ങനെ ആ കോപം നമ്മെ നശിപ്പിക്കുവാനുമിടയാകും.

മോഷണത്തിന് പകരം വേണ്ടത് അദ്ധ്വാനശീലമാണ് (4:28). പൗലൊസ് പൊതുവായ മോഷണത്തെ കുറിച്ചാണ് പറഞ്ഞത്, എന്നാൽ നമുക്ക് ചില പ്രത്യേക മോഷണത്തെ പറയുവാൻ കഴിയും. ക്രിസ്ത്യാനി റോഡിലുള്ള കാറോ അല്ലെങ്കിൽ കടയിലെ മുന്തിരിങ്ങയോ മോഷ്ടിക്കുവാൻ പാടില്ല. ക്രിസ്ത്യാനികളായതിനാൽ, കടം കൊടുക്കാതിരിക്കുവാനായി കള്ളക്കണക്കെഴുതുവാനും പാടില്ല. നാം എന്തെങ്കിലും വാങ്ങിയിട്ട് ബാക്കി വാങ്ങുമ്പോൾ, അധിക തുക വാങ്ങരുത്; നമുക്ക് അധിക തുക നൽകിയാൽ നാം അത് തിരുത്തി ബാക്കി ഉടമസ്ഥനെ തിരിച്ചേൽപിക്കണം. മോഷണം ചെറുതായാലും, വലുതായാലും, പൗലൊസ് പറയുന്നു: "മോഷ്ടിക്കരുത്."

മോശമായ വാക്കുകൾക്ക് പകരം നല്ല വാക്കുകൾ ഉപയോഗിക്കുക (4:29). നാം പുതിയ സൃഷ്ടികളായതിനാൽ നമ്മുടെ സംസാരവും നാം മാറ്റണം. നാം ലോകത്തിനുള്ളവരല്ല എന്ന് വേഗത്തിൽ ലോകത്തെ മനസിലാക്കുവാനുള്ള വഴി നമ്മുടെ അധരങ്ങൾ ശുദ്ധമാക്കുക എന്നതാണ്. പൗലൊസ് പറഞ്ഞത്, "അരുതാത്തത് നിങ്ങളിൽനിന്നു വരരുത് എന്നത് അക്ഷരികമായി ["മോശമായ"] സംസാരം നിങ്ങളിൽനിന്ന് വരരുത് എന്നാണ് അർത്ഥമാക്കുന്നത്." ശാപവാക്കുകൾ, ദൂഷണവാക്കുകൾ, അപവാദവാക്കുകൾ, പൊട്ടച്ചൊൽ എന്നിവ നാം ഒഴിവാക്കണം. നിഷേധമായ എല്ലാ സംസാരവും ഒഴിവാക്കി, ദുർഭാഷണങ്ങൾക്ക് പകരം മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കുന്ന വാക്കുകൾ സംസാരിക്കണം-അതായത് ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന വാക്കുകൾ.

*ഉപസംഹാരം.* എഫെസ്യർ 4:30 പറയുന്നു, "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പിൻ നാളിനായി മുദ്രയിട്ടിരിക്കുന്നത്." വീണ്ടും ജനിച്ചപ്പോൾ, നാം അവന്റേതാണെന്നു കാണിക്കുവാൻ ഒരു മുദ്രയാൽ നമ്മെ അടയാളപ്പെടുത്തിയിരിക്കുകയാണ്: പരിശുദ്ധാത്മാവ് (1:13, 14 നോക്കുക), അവൻ നമ്മിൽ വസിക്കുന്നതിനാൽ, ഒന്നുകിൽ നമുക്ക് അവനെ സന്തോഷിപ്പിക്കാം അല്ലെങ്കിൽ നിരുൽസാഹിപ്പിക്കാം. നാം എങ്ങനെയാണ് അവനെ ദുഃഖിപ്പിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നത്? "എല്ലാ കൈപ്പും, കോപവും, ക്രോധവും, കൂറ്റാരവും, ദൂഷണവും, സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" (4:31, 32).

നാം വീണ്ടെടുക്കപ്പെടാത്തവരുടെ മനോഭാവത്തിലും പ്രവൃത്തിയിലും ജീവിച്ചാൽ, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവരാകും, കാരണം നമ്മെ ഉയർന്ന നിലവാരത്തിൽ ജീവിപ്പാനാണ് വിളിച്ചിരിക്കുന്നത്. ആത്മിയമായി മരിച്ചവരുടെ വസ്ത്രം ഉപേക്ഷിച്ച് നീതിയുള്ള വസ്ത്രം ധരിച്ചാൽ, നാം ഉയർത്തെഴുന്നേൽപ് ശൈലിയിൽ വസ്ത്രം ധരിക്കുന്നവരാകും. അങ്ങനെ നമ്മെ ക്രിസ്തുവിൽ ജീവിപ്പിച്ച പരിശുദ്ധാത്മാവിനെ നാം സന്തോഷിപ്പിക്കുന്നു.

ക്രിസ് ബുള്ളാർഡ്

കുറിപ്പുകൾ

[1]ആൻഡ്ര്യൂ ടി. ലിങ്കൺ, *എഫെഷ്യൻസ് വേർഡ് ബിബിളിക്കൽ കമെന്ററി*, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 277. [2]സ്പിറോസ്, സോദിയേറ്റ്സ്, *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമെന്റ്*, 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന: ഏഎംജി പബ്ലിഷേഴ്സ്, 1991), 953–54. [3]എസ്. ഡി. എഫ്. സാൽമണ്ട്, "*ദ എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ്,*" *ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:340. [4]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക്ക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 508. [5]കെന്നെത്ത് എസ്. വുവെസ്റ്റ്, *വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 107. [6]സാൽമണ്ട്, 340. [7]സി. ജെ. വിൽക്കെ ആന്റ് ബിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ്, ആന്റ് റെവ. ജോസെഫ് ഹെൻറി തേയർ (എഡിൻബറോ: ടി & ടി. ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 169, 111. [8]ലിങ്കൺ, 280. [9]വൂവെസ്റ്റ്, 109. [10]ലിങ്കൺ, 284.

[11]വൂവെസ്റ്റ്, 110. [12]ഇബിഡ്. [13]സോദിയേറ്റ്സ്, 869, 866. [14]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ്, ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യുടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ്, 1975), 499. [15]വൂവെസ്റ്റ്, 111. [16]സാൽമണ്ട്, 345. [17]വൂവെസ്റ്റ്, 112. [18]ലിങ്കൺ, 302. [19]അഡാപ്റ്റഡ് ഫ്രം വൂവെസ്റ്റ്, 114–115. [20]സോദിയേറ്റ്സ്, 867.

[21]ലിങ്കൺ, 304. [22]സാൽമണ്ട്, 347. [23]ഇബിഡ്. [24]ലിങ്കൺ, 306. [25]ബാവർ, 604. [26]ആ നിർവ്വചനങ്ങൾ ലിങ്കൺ, 308–9 ലും; വൂവെസ്റ്റ്, 117 ലും കാണാം. [27]സോദിയേറ്റ്സ്, 882. [28]ബല്ലിഞ്ചർ, 431. [29]വൂവെസ്റ്റ്, 117. [30]ബാവർ, 413.

[31]ഇബിഡ്., 938.